**സംവാദം**

**പ്രഗല്ഭനായ ഏതെങ്കിലും സാഹിത്യകാരൻ താനൊരു നായർ സാഹിത്യകാരനാണ്, ക്രൈസ്തവ സാഹിത്യകാരനാണ്, ഈഴവ സാഹിത്യകാരനാണ്, മുസ്ലിം സാഹിത്യകാരനാണ് എന്നു പ്രഖ്യാപിക്കാൻ തുനിയുകയില്ല എന്നാണു ലേഖകന്റെ ദൃഢമായ അഭിപ്രായം. എന്നിട്ടും ചിലരെല്ലാം ജാതിയുടെ നെറ്റിപ്പട്ടംകെട്ടി സാമുദായികാടിസ്ഥാനത്തിലുള്ള സാഹിത്യസംഘങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ടല്ലോ എന്നൊരു മറുചോദ്യം ഉണ്ടാകാം. അതിനുള്ള മറുപടി, അത്തരക്കാരെ സൂക്ഷിച്ചുനോക്കുക എന്നതു മാത്രമാണെന്നു ലേഖകൻ പറയുന്നു. മതത്തിന്റെയും ജാതിയുടെയും ബാനറുകൾക്കു പിന്നാലെ സാഹിത്യകാരന്മാരായി അണിനിരന്നു നീങ്ങുന്നവരിൽ മിക്കവരുടെയും മുഖങ്ങൾ സാഹിത്യപ്രേമികൾക്ക് അപരിചിതങ്ങളാണ്.**

# ജാതിയും മതവും പ്രത്യയശാസ്ത്രവും സാഹിത്യത്തിൽ

## സ്കറിയാ സക്കറിയാ

പുത്തേഴത്തു രാമമേനോന്റെ പുസ്തകപരിചയം എന്ന സാഹിത്യനിരൂപണഗ്രന്ഥത്തിലെ അവസാന ഖണ്ഡം, ഡോ. പി. ജെ. തോമസിന്റെ മലയാളസാഹിത്യവും ക്രീസ്താനികളും എന്ന ഗ്രന്ഥത്തെക്കുറിച്ചാണ്. അതിന്റെ പ്രാരംഭം ഇവിടെ ഉദ്ധരിക്കാം:

'മലയാളസാഹിത്യവും ക്രിസ്ത്യാനികളും എന്നു കേൾക്കുമ്പോൾ ഉണ്ടാകുന്ന പ്രതീതി ആ ക്രിസ്ത്യാനികൾ മലയാളികളേ അല്ലെന്നും എങ്കിലും അവരും ചിലതെല്ലാം മലയാളസാഹിത്യരംഗത്ത് സംഗതിവശാൽ ചെയ്തിട്ടുണ്ടെന്നും അവയെ വേറെ എടുത്തുകാണിക്കുക എന്ന ആവശ്യം നേരിട്ടിട്ടുണ്ടെന്നും മറ്റുമാകുന്നു. അത് അത്രയ്ക്കു വേണ്ടിയിരുന്നുവോ എന്നു സഹോദരബുദ്ധ്യാ ആർക്കും തോന്നാവുന്നതാണ്.

ജാതിയും മതവും മറ്റും അടിസ്ഥാനമാക്കി സാഹിത്യകാരന്മാരെ വർഗ്ഗീകരിക്കുന്നതും സാഹിത്യകാരന്മാർതന്നെ. അങ്ങനെ ഗ്രൂപ്പുകളായി സംഘടിക്കുന്നതും അഭികാമ്യമല്ല എന്ന പൊതുജനാഭിപ്രായം അദ്ദേഹത്തിന്റെ വാക്കുകളിൽ മുഴങ്ങിക്കേൾക്കുന്നു. എങ്കിലും കൗതുകകരമെന്നു പറയട്ടെ, ഡോ. തോമസിന്റെ പുസ്തകത്തെക്കുറിച്ചുള്ള പഠനം പുത്തേഴം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്:

'മറ്റുപല രംഗങ്ങളിലും എന്നപോലെ മലയാളത്തിലെ സാഹിത്യരംഗത്തിലും പ്രസിദ്ധീകരണം പത്രപ്രവർത്തനം ഗ്രന്ഥനിർമ്മാണം തുടങ്ങിയ എല്ലാരംഗങ്ങളിലും അവർ (ക്രിസ്ത്യാനികൾ) കൈവരിച്ചിട്ടുള്ള സ്ഥാനം അസൂയാവഹംതന്നെയാകുന്നു. മറ്റു സാഹിത്യചരിത്രക്കാർ വേണ്ടിടത്തോളം വിസ്തരിച്ചിട്ടില്ലാത്ത ഈ ഭാഗത്തെ പ്രകാശിപ്പിച്ചതിനു നാം ഡോക്ടർ തോമസിനോടു കടപ്പെട്ടിരിക്കുന്നു. ഇതൊരത്യാവശ്യഗ്രന്ഥമാണെന്നതിനു സംശയമില്ല.'

ഡോ. തോമസിന്റെ മലയാളസാഹിത്യവും ക്രിസ്ത്യാനികളും ഒരു അത്യാവശ്യഗ്രന്ഥമാണെന്ന പുത്തേഴത്തിന്റെ പ്രസ്താവം തികച്ചും ഔപചാരികമാണെന്നും സുജനമര്യാദ നിമിത്തമുള്ളതാണെന്നും കരുതുക വയ്യ. ആ നിരൂപണത്തിലെ ഇതര ഭാഗങ്ങളും ആ ഗ്രന്ഥത്തിന്റെ വൈശിഷ്ട്യം എടുത്തുപറയുന്നവയാണ്. ഒരുപന്യാസത്തിന്റെ തുടക്കത്തിൽനിന്ന് ഒടുക്കത്തിലെത്തുമ്പോൾ സംഭവിക്കുന്ന അഭിപ്രായപരിണാമത്തിനു യുക്തി എന്ത്? അതു മനസിലാക്കാൻ ഡോ. തോമസിന്റെ ഗ്രന്ഥം വായിക്കുകതന്നെ വേണം.

പണ്ഡിതനും വിശാലഹൃദയനും വിവേകിയുമായിരുന്ന ഗ്രന്ഥകർത്താവ്, ജാതിയും മതവും തിരിച്ചു സാഹിത്യത്തിലെ കണക്കുകൾ അവതരിപ്പിക്കുന്നുണ്ടെങ്കിലും അവയെല്ലാം ഉപയോഗിക്കുന്നതു ജാതിമത

ചിന്തകൾക്ക് അതീതമായ സാംസ്കാരിക ലക്ഷ്യങ്ങൾക്കുവേണ്ടിയാണ്.

ഡോ. തോമസിന്റെ പുസ്തകം ആരംഭിക്കുന്നത് ഇങ്ങനെയാണ്:

"കേരളഭാഷാചരിത്രവിഷയത്തിൽ ഒരു പ്രത്യേക സമുദായത്തെ പരിഗണിക്കുന്നതെന്തിന് എന്നു ചിലർ ചോദിച്ചേക്കാനിടയുണ്ട്. മലയാളസാഹിത്യത്തിന്റെ ഇന്നത്തെ നിലയിൽ ഏതെങ്കിലും ഒരു സമുദായത്തിന്റെ ഭാഷാപരിശ്രമങ്ങളെപ്പറ്റി എടുത്തുപറയാൻ ന്യായമില്ലായിരിക്കാം. എന്നാൽ ഇതല്ലായിരുന്നു മുൻകാലങ്ങളിലെ നില. അന്നു പൊതുവായ സാഹിത്യപരിശ്രമങ്ങൾ വിരളമായിരുന്നു. ഹിന്ദുമതം സംബന്ധിച്ച ചില കാവ്യകൃതികൾ മാത്രമായിരുന്നു അന്നത്തെ സാഹിത്യം. സുഖവാസികളായ ചില മേൽജാതി ഹിന്ദുക്കൾ ആണ് അവ എഴുതിയതും ഉപയോഗിച്ചിരുന്നതും. മറ്റു ഹിന്ദുക്കൾക്കുതന്നെ അതിൽ പറയത്തക്ക പങ്കുണ്ടായിരുന്നില്ല....വലിയ കോയിത്തമ്പുരാന്റെ വലത്തുകൈയിലായിനിന്നു പ്രവർത്തിച്ച കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ നാനാതരത്തിലുള്ള സാഹിത്യപ്രവർത്തനങ്ങളാണു മലയാളഭാഷയും സാഹിത്യവും സാധാരണജനങ്ങളുടേതായിത്തീരാൻ കഴിഞ്ഞ ശതാബ്ദത്തിൽ ഏറ്റവുമധികം സഹായിച്ചത്.....അദ്ദേഹം സ്ഥാപിച്ച മലയാള മനോരമ മാത്രമല്ല, അദ്ദേഹം മുൻകൈയെടുത്തു കെട്ടിപ്പടുത്ത ഭാഷാപോഷിണി സഭയും ഇക്കാര്യത്തിൽ ഗണ്യമായ സേവനം നൽകിയിട്ടുണ്ട്. വർഗീസ് മാപ്പിളയുടെ കാലത്തോടുകൂടി മലയാള സാഹിത്യ പ്രവർത്തനങ്ങൾ ഇങ്ങനെ നാനാതരത്തിലുള്ളവരുടെ മാത്രമല്ല, നാനാസമുദായങ്ങളുടെയും ഒത്തൊരുമിച്ചുള്ള ഒരു പരിശ്രമമായി. ഇതോടുകൂടി ക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങളെപ്പറ്റി പ്രത്യേകം പറയാനുള്ള ആവശ്യം നിലച്ചുപോയി. അതിനാൽ അക്കാലംവരെയുള്ള ചരിത്രത്തെപ്പറ്റി മാത്രമേ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുള്ളൂ.

## വർഗീയത

ഇവിടെ ഉദ്ധരിച്ച ഭാഗത്തു ഡോ. തോമസ് ഊന്നിപ്പറയുന്ന കാര്യങ്ങൾ മലയാള സാഹിത്യത്തിലെ വർഗീയതയെക്കുറിച്ചു ചർച്ചചെയ്യുന്നവർ അവശ്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യംവരെ നമ്മുടെ സാഹിത്യം പ്രായേണ മതപരമായിരുന്നു. പ്രചോദനം പ്രയോജനം എന്നിവ മാത്രമല്ല സ്രഷ്ടാക്കൾ ആസ്വാദകർ എന്നീ മൂന്നുഘടകങ്ങൾകൂടി പരിഗണിച്ചാലും ഡോ. തോമസിന്റെ പ്രസ്താവം സ്വീകാര്യമായിത്തീരുന്നു.

എഴുത്തച്ഛനടക്കമുള്ള മഹാകവികളുടെ സൃഷ്ടികൾപോലും സമൂഹത്തിലെ ഒരു ന്യൂനപക്ഷത്തിന്റെ ഭക്തിരസപോഷണത്തിനാണ് ഉപകരിച്ചിരുന്നത്. അങ്ങു വിദൂരപൂർവകാലത്തുണ്ടായിരുന്ന മണിപ്രവാളകൃതികളും നാടൻപാട്ടുകളും മറക്കുന്നില്ല. അവയിൽ നാടൻപാട്ടുകൾ അന്നത്തെനിലയിൽ സാഹിത്യകൃതികളല്ല. മണിപ്രവാള രചനകളാകട്ടെ, ഇന്നത്തെ നിലയിൽ ജീവിതദർശനത്തിന്റെ ദൗർബല്യംനിമിത്തം ഉത്കൃഷ്ടമായി പരിഗണിക്കപ്പെടുകയുമില്ല. ശേഷിക്കുന്നതു ഭക്തിസാഹിത്യമാണ്. ഗദ്യത്തിന്റെ നിലയും ഇതുപോലെ തന്നെ.

> പ്രഗല്ഭനായ ഏതെങ്കിലും സാഹിത്യകാരൻ ജാതിയുടെ പേരിൽ അറിയപ്പെടാൻ ആഗ്രഹിക്കുകയില്ല. വിഭാഗീയ മുദ്രകളുള്ള വിശേഷണങ്ങളോട് അയാൾക്ക് പ്രതിപത്തിയില്ല. എന്നിട്ടും, ചിലരൊക്കെ മതത്തിന്റേയും ജാതിയുടേയും നെറ്റിപ്പട്ടം പതിച്ച് സാമുദായികാടിസ്ഥാനത്തിലുള്ള സാഹിത്യസംഘങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

## വിഭജനം

ഗദ്യവികാസത്തെക്കുറിച്ചു ഗവേഷണപഠനം നടത്തിയിട്ടുള്ള ഡോ. പി. വി. വേലായുധൻപിള്ള പ്രാചീനഗദ്യത്തെ ക്രൈസ്തവഗദ്യം, ഹൈന്ദവഗദ്യം എന്നാണു വിഭജിക്കുന്നത്. ഭാഷാചരിത്രപരമായ അനിവാര്യത എന്ന നിലയിലാവണം യുക്തിവാദിയായ പി. വി. വേലായുധൻപിള്ള ഇത്തരമൊരു വിഭജനം കൈക്കൊണ്ടത്.



സ്കറിയാ സക്കറിയാ

അതുപോലെ സാഹിത്യചരിത്രപരമായ അനിവാര്യത എന്ന നിലയിൽ ഡോ. തോമസ് ക്രിസ്ത്യാനികളും മലയാളസാഹിത്യവും എന്ന ഗ്രന്ഥമെഴുതി. 'എന്നാൽ 1900-നുശേഷം ഗവൺമെന്റും പ്രൈവറ്റ് ഏജൻസികളും സ്കൂളുകൾ തുടങ്ങിയതോടുകൂടി വായനക്കാരുടെ സംഖ്യമാത്രമല്ല ഗദ്യഗ്രന്ഥങ്ങളും മറ്റും എഴുതാൻ കഴിവുള്ളവരുടെ സംഖ്യയും വളരെ വർദ്ധിച്ചു. ഇങ്ങനെ എല്ലാ സമുദായക്കാരുടെയും പരിശ്രമത്താൽ നവീനസാഹിത്യപ്രസ്ഥാനങ്ങൾ വളരെ പുഷ്ടിപ്പെടുകയുണ്ടായി. ഈ മാറ്റങ്ങൾ വന്നതോടുകൂടി ക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങളെപ്പറ്റി പ്രത്യേകമായി പ്രതിപാദിക്കേണ്ട ആവശ്യം ഇല്ലാതായി' എന്നെഴുതി സ്വകൃതി സമാപിപ്പിക്കുന്ന ഡോ. തോമസിന്റെ ചരിത്രമർമ്മജ്ഞത അദ്ഭുതകരമായിരിക്കുന്നു. സാഹിത്യചരിത്രത്തിൽ സംഭവിച്ചതെല്ലാം അവഗണിക്കാനല്ല അംഗീകരിക്കാനാണു ഗ്രന്ഥകർത്താവ് തയ്യാറാവുന്നത്. എന്നാൽ കാലത്തിലൂടെ സാഹിത്യമണ്ഡലത്തിൽ വളർന്നുവന്ന മതനിരപേക്ഷതയെ അദ്ദേഹം സ്വാഗതം ചെയ്യുന്നു.

ഇരുപതാം നൂറ്റാണ്ടിലെ മലയാളസാഹിത്യത്തിന്റെ പഠനത്തിൽ ജാതിതിരിച്ചും വർഗം തിരിച്ചുമുള്ള കണക്കുകൾക്കു പ്രസക്തിയില്ലെന്നു ക്രാന്തദർശിയായ ഡോ. തോമസ് വിശ്വസിച്ചു.

## അംഗീകാരം

ഡോ. തോമസിന്റെ നിഗമനങ്ങളോടു വിയോജിക്കുന്നവർ ഉണ്ടാകും. അവർക്കു പറയാനുള്ളതു സാഹിത്യമടക്കമുള്ള എല്ലാ മണ്ഡലങ്ങളിലും വിഭാഗീയതകൾ പെരുകിപ്പെരുകി വരുന്നു എന്നുള്ളതാണ്. മതപരവും ജാതീയവുമായ വിഭജനത്തിന്റെ കാര്യമെടുത്ത് ആധുനികമലയാളസാഹിത്യത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിച്ചാൽ ഇപ്പറഞ്ഞ എതിർവാദം നിലനിൽക്കും എന്നുതോന്നുന്നില്ല. സാഹിത്യകാരനും ജാതിമതചിന്തകളുണ്ട് എന്ന് അംഗീകരിക്കാം. എന്നാൽ അവ സാമൂഹികാംഗീകാരം നേടുന്ന പൊതുപ്രവണതയായി പ്രത്യക്ഷപ്പെടുന്നില്ല എന്നതാണു പ്രസക്തമായ വസ്തുത.

പ്രഗല്ഭനായ ഏതെങ്കിലും സാഹിത്യകാരൻ താനൊരു നായർ സാഹിത്യകാരനാണ്, ക്രൈസ്തവ സാഹിത്യകാരനാണ്, ഈഴവ സാഹിത്യകാരനാണ്, മുസ്ലിം സാഹിത്യകാരനാണ് എന്നു പ്രഖ്യാപിക്കാൻ തുനിയുകയില്ല. അയാൾക്കു വിഭാഗീയമുദ്രകളുള്ള വിശേഷണങ്ങളോടു പ്രതിപത്തിയില്ല. എന്നിട്ടും ചിലരെല്ലാം ക്രൈസ്തവസാഹിത്യകാരൻ, ഈഴവസാഹിത്യകാരൻ തുടങ്ങിയ നെറ്റിപ്പട്ടങ്ങൾ പതിച്ചു സാമുദായികാടിസ്ഥാനത്തിലുള്ള സാഹിത്യസംഘങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ടല്ലോ എന്നൊരു മറുചോദ്യം ഉണ്ടാകാം. അതിനുള്ള മറുപടി അത്തരക്കാരെ സൂക്ഷിച്ചു നോക്കുക എന്നു മാത്രമാണ്.

ക്രൈസ്തവസാഹിത്യകാരൻ എന്ന നെറ്റിപ്പട്ടവും കെട്ടി പ്രത്യക്ഷപ്പെടുന്നവരിൽ കാക്കനാടനോ സക്കറിയയോ ചെമ്മനം ചാ

ക്കോയോ ചെറിയാൻ കെ. ചെറിയാനോ ഉണ്ടാവില്ല. ക്രൈസ്തവസാഹിത്യകാരൻ എന്നുവിളിച്ചാൽ പാറപ്പുറവും സി. ജെ. യും എം. പി. പോളും മുണ്ടശ്ശേരിയും ശവക്കുഴിവിട്ടു പുറത്തിറങ്ങിവന്നു ചെകിട്ടത്തടിക്കും. പിന്നെ ആരാണ് ഈ നെറ്റിപ്പട്ടവും കെട്ടിഞെളിഞ്ഞു നടക്കുന്നത്? നമ്മുടെ പ്രമുഖ സാഹിത്യകാരന്മാർ ആരെങ്കിലും അത്തരം നെറ്റിപ്പട്ടങ്ങൾ ധരിക്കുന്നുണ്ടോ? ബഷീർ, എൻ. പി. മുഹമ്മദ്, പുനത്തിൽ, അക്ബർ, കക്കട്ടിൽ എന്നിവരൊക്കെ മുസ്‌ലിം സാഹിത്യകാരന്മാർ എന്ന നെറ്റിപ്പട്ടം അണിയുന്നുണ്ടോ? എം. ടി., വിജയൻ, വൽസല, മലയാറ്റൂർ, മാധവിക്കുട്ടി, സുഗതകുമാരി, ചുള്ളിക്കാട്, വിനയചന്ദ്രൻ - ഇവരിൽ ആരാണു ജാതിയുടെയും മതത്തിൻെറയും പതാകക്കീഴിൽ സാഹിത്യകാരന്മാരായി വിരാജിക്കുന്നത്? ഗുപ്തൻനായർക്കും ഒ. എൻ. വി. കുറുപ്പിനും അയ്യപ്പപ്പണിക്കർക്കും വിഷ്ണുനാരായണൻ നമ്പൂതിരിക്കും വർഗ്ഗമുദ്രകൾ പേരിൻെറ ഭാഗമായിട്ടുണ്ടെങ്കിലും അവരെ വർഗീയതയുടെ മുദ്രകുത്തി കളങ്കപ്പെടുത്താൻ ഒരു മലയാളിയും ധൈര്യപ്പെടുകയില്ല.

വീണ്ടും പഴയ ചോദ്യം: ആരാണു നായർ സാഹിത്യകാരൻ, ഈഴവസാഹിത്യകാരൻ, മുസ്‌ലിം സാഹിത്യകാരൻ, ക്രൈസ്തവസാഹിത്യകാരൻ?

## അപരിചിതം

മതത്തിൻെറയും ജാതിയുടെയും ബാനറുകൾക്കു പിന്നാലെ സാഹിത്യകാരന്മാരായി അണിനിരന്നു നീങ്ങുന്നവരിൽ മിക്കവരുടെയും മുഖങ്ങൾ സാഹിത്യപ്രേമികൾക്ക് അപരിചിതങ്ങളാണ്. അവർ സ്വയം സാഹിത്യകാരന്മാരായി പ്രഖ്യാപിച്ചവരോ 'സ്വജന'ത്തിൻെറ ഇടയിൽമാത്രം സാഹിത്യകാരന്മാരായി വിരാജിക്കുന്നവരോ ആണ്. മതസാമുദായിക പ്രസിദ്ധീകരണങ്ങളിൽ മാത്രം അവരുടെ രചനകൾ പ്രത്യക്ഷപ്പെടുന്നു.

ഉദാഹരണത്തിനു ക്രൈസ്തവമത പ്രസിദ്ധീകരണങ്ങളിൽമാത്രം കവിതയും കഥയും നാടകവും നിരൂപണവും എഴുതുന്ന അനേകരുണ്ട്. മതപരമായ പ്രചോദനവും ലക്ഷ്യവുമുള്ള അവരുടെ രചനകളാണു യഥാർത്ഥക്രിസ്തീയ സാഹിത്യം. അത്തരം രചനകൾക്ക് അതതു മതസമൂഹങ്ങളുടെ നിലനിൽപ്പിലും വളർച്ചയിലും സാരമായ പങ്കുണ്ട്. ആ നിലയ്ക്ക് അവയെ അംഗീകരിക്കുകയും വേണം.

ഇക്കൂട്ടത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒരിനമാണ് ആരാധനാസാഹിത്യം. ഗദ്യത്തിലും പദ്യത്തിലുമാണ് ആരാധനാ സാഹിത്യം. എല്ലാ മതങ്ങളിലുമുണ്ട് ആരാധനയ്ക്ക് ഉപയോഗിക്കുന്ന രചനകൾ. മതപരമായ ആശയങ്ങൾ പ്രചരിപ്പിക്കാനും സാമുദായികമായ കെട്ടുറപ്പു വർദ്ധിപ്പിക്കാനും ഉതകുന്ന രചനകളും ധാരാളം ഉണ്ടാകുന്നുണ്ട്. അവയൊക്കെ ഗദ്യത്തിലായാലും പദ്യത്തിലായാലും മതസാഹിത്യമായി പരിഗണിക്കപ്പെടും. മതസാഹിത്യം വളരെ വിരളമായി പൊതുസാഹിത്യത്തിലും അംഗീകാരം നേടാറുണ്ട്. എങ്കിലും അതൊരു സാമാന്യനിയമമല്ല.

## അംഗീകാരമില്ല

ചുരുക്കത്തിൽ മതസാഹിത്യമെഴുതുന്നവരും വിശാലമായ അർത്ഥത്തിൽ സാഹിത്യകാരന്മാരാണെങ്കിലും അവരെ പൊതുസമൂഹം സാഹിത്യകാരന്മാരായി അംഗീകരിക്കുന്നില്ല. പൊതുപ്രസിദ്ധീകരണങ്ങളും പൊതുപ്രസിദ്ധീകരണശാലകളും പിന്നെ സഹൃദയരും നൽകുന്ന അംഗീകാരമാണ് ഇക്കാര്യത്തിൽ സാമാന്യമായി അവലംബിക്കാവുന്ന മാനദണ്ഡം. ഇവിടെയാണു മുറുമുറുപ്പും കലാപവും ആരംഭിക്കുന്നത്.

പൊതുസമൂഹത്തിൽ സാഹിത്യകാരന്മാരായി അംഗീകാരം ലഭിക്കാത്തവർ സാഹിത്യകാരന്മാരായേ അടങ്ങൂ എന്ന വാശിയിലാണെങ്കിൽ 'സ്വജന'ത്തിൻെറ അടുക്കലേക്കു മടങ്ങുന്നു. 'സ്വജന'ത്തിൽ ബഹുഭൂരിപക്ഷത്തിനും സാഹിത്യഗന്ധമേ ഇല്ലായിരിക്കും. എങ്കിലും നിരാശനായ സഹോദരനെ സഹായിക്കാൻ അവരിൽ ഹൃദയാലുക്കൾ ഇറങ്ങിപ്പുറപ്പെടുന്നു. അവരെല്ലാം ചേർന്ന സാഹിത്യരംഗത്തു പ്രതിഷ്ഠ നേടിയേ അടങ്ങൂ എന്നു വാശിപിടിക്കുന്ന അൽപ്പവിഭവന്മാരായ ചില എഴുത്തുകാരും അവരുടെ രക്ഷയ്ക്കെത്തുന്ന സാഹിത്യഗന്ധമില്ലാത്ത സ്വജനവും ചേർന്ന സാമുദായികാടിസ്ഥാനത്തിലുള്ള സാഹിത്യമേളകൾ നടത്തുന്നു!

> സാമുദായിക സാഹിത്യകാരന്മാർക്ക് അതതു സമുദായങ്ങളിൽനിന്നുതന്നെ ലഭിക്കുന്നത് അവജ്ഞയാണ്. ബഹുജനമാധ്യമങ്ങളിലൂടെ ഉത്തമ സാഹിത്യപരിചയം നേടിയ ഒരു ന്യൂനപക്ഷം എല്ലാ സമുദായങ്ങളിലും ഉണ്ടല്ലോ. അവരുടെ മുമ്പിൽ, കപടസാഹിത്യകാരന്മാർ ലജ്ജിതരാകുന്നു. സാഹിത്യാഭിരുചിയില്ലാത്തവരുടെ മുമ്പിൽ മാത്രമാണ് ഇവർ വിജയിക്കുക.

ഇതേച്ചൊല്ലി ഏറെ ഉൽക്കണ്ഠപ്പെടേണ്ടതില്ല എന്നാണ് ഇതെഴുതുന്നയാളിൻെറ വിനീതമായ അഭിപ്രായം. എല്ലാവരെയും സാഹിത്യകാരന്മാരോ സാഹിത്യാസ്വാദകരോ ആക്കാൻ കഴിയുന്ന ഒരു അദ്ഭുതതന്ത്രം ലഭ്യമാകുംവരെ നിരാശരായ സാഹിത്യയശഃപ്രാർത്ഥികളും അവരുടെ സഹായത്തിനെത്തുന്ന നിഷ്കളങ്കരായ സ്വജനവും ചേർന്നു സാമുദായികാടിസ്ഥാനത്തിലുള്ള സാഹിത്യമേളകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കും.

## അവജ്ഞ

എന്നാൽ ഇത്തരം സാമുദായിക സാഹിത്യകാരന്മാർക്ക് അതതു സമുദായങ്ങളിൽതന്നെ ലഭിക്കുന്നത് അവജ്ഞയാണെന്ന കാര്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാരണം ബഹുജനമാധ്യമങ്ങളിലൂടെ ഉത്തമസാഹിത്യപരിചയം നേടിയ ഒരു ന്യൂനപക്ഷം എല്ലാ സമുദായങ്ങളിലും ഉണ്ടല്ലോ. അവരുടെ മുമ്പിൽ കപടസാഹിത്യകാരന്മാർ ലജ്ജിതരാകുന്നു. സരളബുദ്ധികളും സാഹിത്യാഭിരുചിയില്ലാത്തവരുമായ ഒരു വിഭാഗത്തിൻെറ മുമ്പിൽമാത്രമാണ് ഇക്കൂട്ടരുടെ നാടകം വിജയിക്കുക.

വർഗീയബാനറുകളുടെ പിന്നിൽ പ്രത്യക്ഷപ്പെടുന്ന കൂടുതൽ അപകടകാരികളായ ഒരു കൂട്ടരുണ്ട്. അത്യന്ത ന്യൂനപക്ഷമെങ്കിലും അവരിൽനിന്നു സമൂഹം ഗുരുതരമായ ഭീഷണി നേരിടുന്നു. ഇക്കൂട്ടർ ഓന്തുകളെപ്പോലെ നിറംമാറുന്നവരാണ്. അവർ പൊതുസാഹിത്യത്തിൽ ചില്ലറ സംഭാവനകൾ നൽകി അർഹിക്കുന്നതിലേറെ അംഗീകാരം അവിടെ പിടിച്ചെടുത്തിട്ടുള്ളവരായിരിക്കും.

സാഹിത്യഅക്കാദമി അംഗത്വം, അവാർഡ് എന്നിങ്ങനെയുള്ള ബഹുമതികളുമൊക്കെ സാമുദായികവും രാഷ്ട്രീയവുമായ സമ്മർദ്ദം ഉപയോഗിച്ച് ഒരിക്കൽ കൈവശപ്പെടുത്തിയാൽ ഇക്കൂട്ടർ കൂടുതൽ അപകടകാരികളായിത്തീരുന്നു. കാലം ചെല്ലുമ്പോൾ തങ്ങൾ അനർഹമായി അനുഭവിച്ചിരുന്ന ചില സ്ഥാനങ്ങളെല്ലാം നഷ്ടപ്പെടുമ്പോൾ ഇവർക്കു ഹാലിളകുന്നു. ഇവർ മോഹനസുന്ദരപ്രതീക്ഷകൾ നൽകി നിരാശരായ സാഹിത്യയശഃപ്രാർത്ഥികളെ സംഘടിപ്പിച്ചു സാമുദായികമുന്നേറ്റങ്ങൾ നടത്തുന്നു. തികഞ്ഞ സ്വാർത്ഥമതികളും കപടതന്ത്രജ്ഞരുമായ ഇക്കൂട്ടർ അനേകം നിഷ്കളങ്കരായ യുവാക്കളെ വർഗീയമുൻവിധികൾകൊണ്ടു നിറയ്ക്കുന്നു. പാഠപുസ്തകങ്ങളിലൂടെ മാത്രം സാഹിത്യകാരന്മാരായവർ, സാഹിത്യ അക്കാദമി അംഗമായതിനുശേഷം മാത്രം സാഹിത്യകാരന്മാരായവർ എന്നിങ്ങനെ ഇക്കൂട്ടരെ ചുരുക്കംചില വിഭാഗങ്ങളിൽ ഒതുക്കി നിർത്താം.

## അവരോ?

ഇവരാണു സാമുദായികാടിസ്ഥാനത്തിലുള്ള സാഹിത്യപ്രസ്ഥാനങ്ങൾക്കു വിഷപ്പല്ലുകൾ മുളപ്പിക്കുന്നത്. അവർ സാഹിത്യരം

ഗത്തെ വർഗീയതയെക്കുറിച്ച് 'ആധികാരികമായി' സംസാരിക്കുന്നു. അവർക്ക് അതിന് അർഹതയുണ്ടെന്നല്ലേ കരുതേണ്ടത്! അവർ സാഹിത്യപ്രഭുക്കളല്ലേ! കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നിർണയിച്ചപ്പോൾ ഇന്ന പുസ്തകത്തെ അവഗണിച്ചുകൊണ്ട് ഇന്ന പുസ്തകത്തിന് അവാർഡ് നൽകിയതു വർഗീയതയല്ലേ എന്നു സാഹിത്യഅക്കാദമിയിൽ ഉന്നതസ്ഥാനത്തിരുന്ന ഒരു സമുദായസ്നേഹി വികാരാവേശത്തോടെ ചോദിക്കുമ്പോൾ ആ പുസ്തകങ്ങളെന്നല്ല ഒരു സാഹിത്യകൃതിയും ഇന്നോളം വായിച്ചിട്ടില്ലാത്ത സരളഹൃദയരായ സമുദായസ്നേഹികൾ സദസിലിരുന്നു വികാരംകൊണ്ടു ജ്വലിക്കുന്നു. ആ പുസ്തകങ്ങൾ വായിച്ചിട്ടുള്ള സഹൃദയർ പുറത്തുനിന്ന് അക്കാദമിയുടെ അന്തസ്സിനെക്കുറിച്ചു സന്തോഷിക്കുകയും പ്രഭാഷകന്റെ അൽപ്പത്വത്തെ പുച്ചരിക്കുകയും ചെയ്യുന്നു!

മേൽപ്പറഞ്ഞ വിദ്വാന്മാരിൽ ചിലർക്കു കവലച്ചട്ടമ്പികളുടെ സ്വഭാവവുമുണ്ട്. അവരുടെ കോമാളിത്തത്തിനു കൂട്ടുനിൽക്കാത്തവരെ ഏതു സമുദായത്തിൽപ്പെട്ടവരായാലും തക്കസമയത്തു തട്ടിക്കളയും എന്നു ഭീഷണി മുഴക്കാനും ഇക്കൂട്ടർ മടിക്കില്ല. തക്കസമയം എന്നാൽ അക്കാദമി അംഗത്വം, പാഠപുസ്തകസമിതി അംഗത്വം, പത്രാധിപസ്ഥാനം എന്നിവ തനിക്കു ലഭിക്കുമ്പോൾ എന്നർത്ഥം. ഇതുകേട്ടു ഭയപ്പെട്ട് ഇക്കൂട്ടർക്കു ദാസ്യം ചെയ്യുന്നവർ ധാരാളമുണ്ട്.

മറ്റു സമുദായങ്ങളിലുള്ളവരോടു മാത്രമല്ല ഇത്തരം അൽപ്പവിഭവന്മാരായ സാഹിത്യകാരന്മാർ ക്രൂരത കാട്ടുന്നത്. സ്വന്തം സമുദായത്തിനുള്ളിൽ സമുദായ നേതൃത്വത്തിലുള്ളവരെ ഇവർ ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും വശംവദരാക്കുന്നു. 'സമ്പത്ത്', പദവി എന്നിവയെല്ലാം ഇങ്ങനെ കുറുക്കുവഴിയിൽ സാമുദായികമായി നേടിയെടുത്ത ചുരുക്കം ചില 'സാഹിത്യകാരന്മാരെ'ങ്കിലും നമ്മുടെ സമൂഹത്തിലുണ്ട്. സ്വാർത്ഥത, പരദൂഷണം, ആർത്തി എന്നിവയെല്ലാം കൈമുതലായുള്ള ഇക്കൂട്ടരെക്കുറിച്ച് ഏറെ എഴുതി ആരെയും ബോധ്യപ്പെടുത്തേണ്ടതില്ലല്ലോ.

## യാഥാർത്ഥ്യം

ഇത്രയും എഴുതിയതിന്റെ വെളിച്ചത്തിൽ സാഹിത്യാദികാര്യങ്ങൾക്കുവേണ്ടി സാമുദായികാടിസ്ഥാനത്തിൽ യാതൊരുവിധ സംരംഭങ്ങളും പാടില്ലെന്നു ലേഖകൻ വിശ്വസിക്കുന്നതായി കരുതരുത്. മതപരവും ജാതീയവുമായ വിഭാഗീയതകൾ ഇന്നിന്റെ യാഥാർത്ഥ്യങ്ങളാണ്. സാഹിത്യമാകട്ടെ മനുഷ്യത്വത്തിന്റെ സത്തയിലേക്കു കടന്നുചെല്ലാനുള്ള മാധ്യമവും. വിഭാഗീയത സൃഷ്ടിക്കുന്നവയെങ്കിലും മതവും ജാതിയും സാമാന്യമായി ഒരു ഭാരതീയന്റെ തനിമയുടെ ഘടകങ്ങളാണ്. അവയിൽനിന്നു മോചനം നേടി പച്ചയായ മനുഷ്യത്വത്തിലേക്കു പരിണമിക്കുക എന്നൊക്കെ ഉച്ചത്തിൽ ഉദ്ഘോഷിക്കാമെങ്കിലും അത് അത്ര എളുപ്പത്തിൽ സാധിക്കുമെന്നു തോന്നുന്നില്ല.

> ഇവരിൽ ചിലർക്ക് കവലച്ചട്ടമ്പികളുടെ സ്വഭാവമുണ്ട്. അവരുടെ കോമാളിത്തത്തിനു കൂട്ടുനിൽക്കാത്തവരെ തക്ക സമയത്ത് തട്ടിക്കളയും എന്ന് ഭീഷണി മുഴക്കാനും ഇക്കൂട്ടർ മടിക്കില്ല. തക്ക സമയം എന്നാൽ അക്കാദമി അംഗത്വം, പാഠപുസ്തക സമിതി അംഗത്വം, പത്രാധിപസ്ഥാനം തനിക്കു കിട്ടുമ്പോൾ എന്നർത്ഥം.

ജാതിയെ വല്ലവിധേനയും കുടിഒഴിപ്പാക്കാമെന്നുവച്ചാൽത്തന്നെ മതത്തെ വിടാനാവില്ല. മാത്രമല്ല, മതം അനാശാസ്യമായ മാനസിക ദൗർബല്യമാണെന്ന ചിന്ത ഈ ദശകത്തിൽ ശക്തിപ്രാപിക്കുകയല്ല, ദുർബലപ്പെടുകയാണ്. ആധുനികലോകത്തിൽ ആത്മീയതയ്ക്കുവേണ്ടിയുള്ള ദാഹം പെരുകിവരുന്നു. അല്പമൊന്നു വിശദീകരിക്കേണ്ട കാര്യമാണ് ഇത്.

## മതേതരത്വം

സാമൂഹികനാടകത്തി (Social Drama) ലെ നാലുസന്ധികൾ - വിയോഗം, സംഘർഷം, പരിഹാരം, പുനഃസമാഗമം - മതവും മാനവികതയും തമ്മിലുള്ള ബന്ധത്തിൽ ഇരുപതാം നൂറ്റാണ്ടിൽ സംഭവിക്കുകയുണ്ടായി. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ മതവും മാനവികതയും ഏറ്റുമുട്ടുന്നു എന്ന ധാരണയാണുണ്ടായിരുന്നത്. ഭൂമുഖത്തുനിന്നു മതം മാഞ്ഞുപോകാൻ തുടങ്ങുന്നു എന്ന വിശ്വാസം പരന്നു. മതനിരപേക്ഷത (Secularisation) യിലേക്കുള്ള വളർച്ച പുരോഗതിയുടെ മൗലികഘടകമായി പരിഗണിക്കപ്പെട്ടു.

ജീവിതദർശനരീതികൾ ഏറെ മതനിരപേക്ഷമാകുമ്പോൾ ബോധത്തിന്റെ ഉണർവ് വർദ്ധിക്കും എന്നു മാർക്സിയൻ ചിന്തകർ ഉറച്ചുവിശ്വസിച്ചു. ഇതാണു നവോത്ഥാനം എന്നുപോലും അവർ കരുതി.

ദേവബന്ധനത്തിൽ മരിക്കേണ്ടിവന്നാലും ദേവദാസനാകയില്ല എന്നു ശഠിക്കുന്ന പ്രൊമിത്യൂസായിരുന്നു ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലെ ആദർശമൂർത്തി. മതം മനുഷ്യനിൽ സൃഷ്ടിക്കുന്ന 'ആത്മീയദാസ്യ'ത്തിൽ നിന്നുള്ള മോചനമാണു വിമോചനത്തിന്റെ കാതൽ എന്ന അഭിപ്രായമുണ്ടയി. മനുഷ്യൻ മതം സൃഷ്ടിക്കുന്നു; മനുഷ്യനെ മതം സൃഷ്ടിക്കുന്നില്ല എന്ന പ്രഖ്യാപനവും അനുസ്മരിക്കുക. ശാസ്ത്രദർശനത്തിൽ അധിഷ്ഠിതമായ ജീവിതദർശനം - അതായിരുന്നു മനുഷ്യർ വിലമതിച്ചിരുന്നത്.

അങ്ങനെ ഈ നൂറ്റാണ്ടിൽ ഈശ്വരനെയും മറ്റതുപോലെയുള്ള അലൗകികഘടകങ്ങളെയും നിരാകരിച്ചുകൊണ്ടുള്ള ഭൗതികവാദം മുന്നേറി. 'സ്വാതന്ത്ര്യത്തിന്റെ രാജ്യം (Kingdom of freedom)' തേടിയുള്ള ഈ പ്രയാണത്തിന്റെ ദിശകൾ തിട്ടപ്പെടുത്തിയതു ഫ്രോയിഡിന്റെയും മാർക്സിന്റെയും മറ്റും സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയാണ് - അവരുടെ കൃതികൾ പുതിയ വേദഗ്രന്ഥങ്ങളായി മാറി. ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെത്തിയപ്പോൾ പ്രായോഗികമായും താത്ത്വികമായും മാർക്സിസത്തിനും ഫ്രോയിഡിയൻ മനോവിജ്ഞാനീയത്തിനും എതിരേ കലാപമുണ്ടായി.

മതത്തെക്കുറിച്ചുള്ള കേവലം യാന്ത്രികവും യുക്തിവാദപരവുമായ സിദ്ധാന്തങ്ങൾ ചോദ്യംചെയ്യപ്പെട്ടു. മനുഷ്യനാണ് എല്ലാറ്റിന്റെയും അളവുകോൽ (Man is the measure of all things) എന്ന സിദ്ധാന്തം ഈശ്വരൻ പ്രകൃതി സമൂഹം എന്നിവയോടെല്ലാമുള്ള ബന്ധത്തിൽ മനുഷ്യനെ ഉയർത്തിക്കാട്ടിയെങ്കിലും ആ മനുഷ്യൻ ചൂഷകനായി മാറുന്ന ദുരവസ്ഥയുണ്ടായി.

## കമ്യൂണിസം

മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും അനുഭവപ്പെടുന്ന വൈരുദ്ധ്യം കമ്യൂണിസത്തിലൂടെ പരിഹരിക്കപ്പെടും എന്ന മാർക്സിയൻ സ്വപ്നത്തിനു തിളക്കം നഷ്ടപ്പെട്ടു. പ്രകൃതിയിൽനിന്നും സമൂഹത്തിൽനിന്നും അന്യവൽക്കരിക്കപ്പെട്ട മനുഷ്യന്റെ വ്യഥകൾ കൊളോസസ്സിന്റെയും ഭസ്മാസുരന്റെയും ഭീതിദമായ അനുഭവങ്ങളിലൂടെ മനുഷ്യരാശിയെ നയിച്ചു. അപ്പോൾ എല്ലാം യുക്തികൊണ്ടു വിശദീകരിക്കാം എന്ന ശാസ്ത്രാഭാസം (Scientism) പരിഹാസവിഷയമായി.

പ്രകൃതി മെരുക്കിയെടുക്കേണ്ട കാടൻ ശക്തി എന്ന നിലവിട്ട് അമ്മയായി മാറി. പരിധിയറ്റ സ്നേഹത്തിന്റെയും ഔദാര്യത്തിന്റെയും പ്രതീകമായ സ്ത്രീക്ക്, യുക്തിയുടെ വിലക്കുകൾ വകവയ്ക്കാതെ സമൂഹത്തിൽ പ്രാമാണ്യം നൽകി. സോഷ്യൽ ഡാർവിനിസം നിരാകരിക്കപ്പെട്ടു എന്നർത്ഥം. പുതിയൊരു ജീവിതവീക്ഷണം അങ്ങനെ രൂപപ്പെട്ടു. അലൗകികമായതിനോടും പ്രാകൃതമായതിനോടും ഇക്കാലത്ത് അഭിനിവേശമുണ്ടായി.

കേരളത്തിൽ നാടോടിക്കലാരൂപങ്ങളും ഗ്രാമീണദേവകളും പുനർജന്മം നേടി. തെയ്യവും തിറയും പ്രസക്തിയാർജ്ജിച്ചു. നാ

ടൻപാട്ടുകളിലെ ഭാഷയും ഭാവവും താളവും സാഹിത്യത്തിൽ പ്രവേശിച്ചു. കടമ്മനിട്ടക്കവിത, വിജയൻെറ കഥകൾ, ആധുനിക ദൃശ്യകലകൾ എന്നിവയിലെല്ലാം ഈ പരിണാമം വ്യക്തമായി ദർശിക്കാം.

### സൂക്ഷ്മമാപിനി

സമൂഹമനസിലുണ്ടാകുന്ന ഭൂഖണ്ഡവ്യതിചലനങ്ങൾ (Continental drift) രേഖപ്പെടുത്താൻ കെൽപ്പുള്ള സൂക്ഷ്മമാപിനിയാണല്ലോ സാഹിത്യം. തന്മൂലം സാഹിത്യത്തിൽ ജീവിതത്തിൻെറ സങ്കീർണ്ണതയും അജ്ഞേയതയും ആത്മീയതയും പ്രതിഫലിച്ചു. ഇവിടെ ദൈവികതയിലേക്കുയരുന്ന മനുഷ്യരും മാനുഷികതയിലേക്കിറങ്ങിവരുന്ന ദേവീദേവന്മാരുമുണ്ട്. അനിർവചനീയവും അവ്യാഖ്യേയവുമായ പ്രതിഭാസങ്ങൾ സാഹിത്യവിഷയമായിത്തീരുന്നു.

ജീവിതത്തെ ചൂഴ്ന്നുനിൽക്കുന്ന നിഗൂഢഗൗരവഭാവങ്ങൾ സാഹിത്യത്തിൻെറ സൗന്ദര്യപ്പൊട്ടുകളായി. മനുഷ്യനേയും മനുഷ്യബന്ധങ്ങളെയും കുറിച്ചുള്ള ദർശനങ്ങളായി പുരാണങ്ങൾ പുനരാഖ്യാനം ചെയ്യപ്പെട്ടുതുടങ്ങി. ധർമ്മാനന്ദ കൊസാംബിയുടെ 'മിത്തും സത്യവും' എന്ന ശീർഷകത്തിലുള്ള പഠനങ്ങൾ അനുസ്മരിക്കുക മാർക്സിസവും ഇതിനിടെ ഒരു പരിണാമവൃത്തം പൂർത്തിയാക്കി - മഹാനായ ലെനിൻ മുതൽ ഗൊർബച്ചേവുവരെയുള്ള രാഷ്ട്രശില്പികൾ മാർക്സിസത്തിൻെറ പ്രയോഗത്തിലൂടെ വരുത്തിയ പുരോഗതിയും ബഹുജനമുന്നേറ്റങ്ങളിലൂടെ ഉണ്ടായ പരിണതിയും ശ്രദ്ധിക്കുക.

തൊഴിലാളിവർഗ്ഗസർവാധിപത്യവും ഏകകക്ഷിസമ്പ്രദായവും ഏറെക്കുറെ നിരാകരിക്കപ്പെട്ടു. തൽസ്ഥാനത്തു ബഹുകക്ഷിസമ്പ്രദായത്തിലുള്ള പാർലമെൻററി ജനാധിപത്യം ഉയർന്നുവരുന്നു. നന്മചെയ്യാനുള്ള മനുഷ്യൻെറ കഴിവ് ജനാധിപത്യം സാധ്യമാക്കുന്നു; തിന്മ ചെയ്യാനുള്ള മനുഷ്യൻെറ കഴിവ് ജനാധിപത്യം അനുപേക്ഷണീയമാക്കുന്നു - ഈ പ്രസ്താവത്തിൽ ജനാധിപത്യം, പാർലമെൻററി ജനാധിപത്യം ഉൾക്കൊള്ളുന്ന മനുഷ്യദർശനം ഉണ്ട്. മനുഷ്യനെ അവൻെറ തനിമയിൽ ശക്തിദൗർബല്യങ്ങളോടെ അംഗീകരിക്കുന്നു എന്നതാണ് ഈ ദർശനത്തിൻെറ പ്രത്യേകത

കേരളീയൻെറ അനുഭവമണ്ഡലത്തിൽ പാശ്ചാത്യതത്ത്വചിന്തയും ജീവിതദർശനവും മാർക്സിസവും കടന്നുവന്നെങ്കിലും അവയിലൊന്നും കടപുഴകിപ്പോകാതെ അവ്യാഖ്യേയമായ ആത്മീയത നിലനിന്നു എന്നതാണു സത്യം. ഇക്കാര്യത്തിൽ കേരളീയർക്ക് ഏറ്റവും സഹായകമായതു ശ്രീനാരായണഗുരുവിൻെറ ജീവിതവും ദർശനവുമായിരുന്നു. മലയാളസാഹിത്യത്തിൽ ശ്രീനാരായണദർശനത്തിനു നൽകാൻ കഴിഞ്ഞ മഹത്തായ സംഭാവനയാണ് ആശാൻ കൃതികൾ—അവയിൽ നിറഞ്ഞുനിൽക്കുന്ന നിഗൂഢതയുടെയും സങ്കീർണതയുടെയും സൗന്ദര്യം.

മാർക്സിയൻ ദർശനത്തിൽനിന്നു പ്രചോദനമുൾക്കൊണ്ടു കാവ്യരചന നടത്തിയ പല കവികളും ജീവിതത്തിൻെറ നിഗൂഢസൗന്ദര്യത്തെ തച്ചുടയ്ക്കാൻ തൂലിക ഉപയോഗിച്ചവരല്ല. ഒ. എൻ. വി., വയലാർ, സച്ചിദാനന്ദൻ, ചുള്ളിക്കാട് തുടങ്ങിയ കവികൾ അവരുടെ കാവ്യങ്ങളിൽ തലങ്ങും വിലങ്ങും ഉപയോഗിക്കുന്ന മതാത്മകബിംബങ്ങൾ ശ്രദ്ധിക്കുക—ആത്മീയതയുടെ അനുഭൂതികളിൽ സ്നാപനം ചെയ്തെടുത്ത സാമൂഹികതാവാദമാണ് ഈ കവികൾക്കുള്ളതെന്നു പ്രസ്താവിക്കാൻ ഈ ബിംബങ്ങൾ തെളിവാണ്.

ഇത്രയും കാര്യങ്ങൾ വിസ്തരിച്ചു പറഞ്ഞതു മതവും സാഹിത്യവും തമ്മിൽ ബന്ധമില്ലെന്ന ഉപരിപ്ലവധാരണയെ ചോദ്യംചെയ്യാനാണ്. മതത്തിൻെറയും ജാതിയുടെയും പേരിലുള്ള സംഘങ്ങൾക്കു സാഹിത്യകാര്യങ്ങളിൽ പ്രസക്തിയില്ലെങ്കിലും ഉത്തമ മതാനുഭൂതിക്ക് എന്നും സാഹിത്യത്തിൽ മാന്യമായ സ്ഥാനമുണ്ട്. ജി. ശങ്കരക്കുറുപ്പ് മാത്രമല്ല, വിപ്ലവകവികൾ എന്നു വിശേഷിപ്പിക്കപ്പെടുന്നവരുടെ രചനകൾ പോലും ഇതിനു ദൃഷ്ടാന്തങ്ങളാണ്.

ആധുനിക മലയാളസാഹിത്യത്തിലെ മതാനുഭൂതികൾ, സാമ്പ്രദായിക മതദർശനങ്ങളുമായി തികച്ചും പൊരുത്തപ്പെടുന്നവയാകണം എന്നില്ല. ഉദാഹരണത്തിനു കടമ്മനിട്ടയുടെ ശാന്തയിലെ അനുഭൂതിയെ എന്തുതരം മതദർശനത്തിലാണു വ്യാഖ്യാനിക്കാൻ കഴിയുക എന്നു നിശ്ചയമില്ല. ഏതായാലും യുക്തിയുടെ വേലിക്കെട്ടുകൾക്കപ്പുറത്തുള്ള ആത്മീയാനുഭൂതിയാണ് ആ കൃതിയിലുള്ളത്. ഇനി സാമ്പ്രദായിക മതാനുഭവങ്ങളുടെ കാര്യമെടുത്താലും അവയുടെ സാഹിതീയമായ ഉപയോഗത്തിലും മതപരമായ ചേരിതിരിവുകൾക്കൊന്നും നമ്മുടെ സാഹിത്യകാരന്മാർ വഴിപ്പെടുന്നില്ല. മതഭേദങ്ങൾക്ക് അതീതമായ മതാത്മകതയായും ആത്മീയതയായും അവർ ആ സവിശേഷാനുഭവത്തെ സ്വീകരിക്കുന്നു.

ഉദാഹരണത്തിനു നമ്മുടെ മലയാള കവിതകളിൽ ഏറ്റവും കൂടുതൽ ബൈബിൾ ബിംബങ്ങൾ ഉപയോഗിച്ചിട്ടുള്ളതു ക്രൈസ്തവമതവിശ്വാസികളല്ലാത്ത കവികളാണ്. ഒ. എൻ. വി., ചുള്ളിക്കാട്, സച്ചിദാനന്ദൻ, വയലാർ എന്നിവരുടെ കവിതകളിലാണു ബൈബിൾ ബിംബങ്ങൾ സമൃദ്ധമായി കാണപ്പെടുന്നത്. ക്രൈസ്തവരായ കവികളിൽ, ജോർജ് തോമസ്, ചെറിയാൻ കെ. ചെറിയാൻ എന്നിവരൊഴികെ മറ്റേതെങ്കിലും കവികൾ ബൈബിൾ സംസ്കാരം അവരുടെ കാവ്യഭാഷയിൽ പ്രകടിപ്പിക്കാറുണ്ടോ? ബൈബിളിനെക്കുറിച്ചു കെ. പി. അപ്പൻ എഴുതിയതുപോലെ സാഹിത്യമധുരമായ ലേഖനങ്ങൾ രചിക്കുന്നവർ മലയാളത്തിൽ മറ്റാരാണുള്ളത്?

### അന്യമല്ല

ഹൈന്ദവമതസാഹിത്യം അന്യമായി കരുതാത്ത ക്രൈസ്തവകവികളും മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. അർണോസുപാതിരി, കെ. വി. സൈമൺ, മേരി ബനീഞ്ഞ എന്നിവരുടെ കൃതികളിലെ കല്പനകൾ ശ്രദ്ധിക്കുക. ആധുനികകാലത്തു ഭാരതീയേതിഹാസങ്ങൾ സ്വന്തമെന്ന നിലയിൽ കൈകാര്യം ചെയ്യുന്നവരാണു മലയാളത്തിലെ എല്ലാ സാഹിത്യകാരന്മാരും. ക്രൈസ്തവദർശനമാണു പരിഗണിക്കുന്നതെങ്കിൽ അതും മതഭേദങ്ങൾക്കതീതമായി മലയാളി ഉപയോഗിക്കുന്നുണ്ട് എന്നു നിസ്സംശയം പറയാം. 'ക്രിസ്തുകഥയുടെ പുറംതുകൽ ഓരോ ദശകത്തിലെ രക്തസാക്ഷിയെയും കാത്തുകിടന്നു' എന്നു വൈകാരികമായി നമ്മെ ബോധ്യപ്പെടുത്തുന്നതു പ്രകൃതിനിയമം എഴുതിയ സി. ആർ. പരമേശ്വരനാണ്.

സാമുദായികപ്രശ്നങ്ങൾപോലും സൂക്ഷ്മമായും സാഹിതീയമായും ആവിഷ്കരിക്കാൻ മതസമുദായഭേദങ്ങൾ തടസ്സമല്ല എന്ന് ഇന്നത്തെ മലയാളസാഹിത്യകാരന്മാർ തെളിയിച്ചിരിക്കുന്നു. സി. വി. ബാലകൃഷ്ണൻെറ നോവൽ, ആയുസ്സിൻെറ പുസ്തകം, ഇത്തരത്തിൽ നമ്മെ വിസ്മയിപ്പിക്കുന്ന രചനയാണ്. ക്രൈസ്തവമനസ്സിൻെറ ആഴങ്ങളിലേക്കു മതം തെളിച്ചുകൊടുക്കുന്ന ചാലുകളിലൂടെ സഞ്ചരിച്ചെത്താൻ ബാലകൃഷ്ണനു കഴിയുന്നു.

ക്രൈസ്തവമനസ്സിലെ അടിച്ചമർത്ത

**കേരളീയൻെറ അനുഭവമണ്ഡലത്തിൽ പാശ്ചാത്യ തത്ത്വചിന്തയും ജീവിത ദർശനവും മാർക്സിസവും കടന്നുവന്നെങ്കിലും, അവയിലൊന്നും കടപുഴകിപ്പോകാതെ അവ്യാഖ്യേയമായ ആത്മീയത നിലനിന്നു എന്നതാണ് സത്യം. ഇക്കാര്യത്തിൽ കേരളീയർക്ക് ഏറ്റവും സഹായകമായത് ശ്രീനാരായണ ഗുരുവിൻെറജീവിതവും ദർശനവുമായിരുന്നു.**

പ്പെട്ട ലൈംഗികതയെക്കുറിച്ച് അസാധാരണ വൈദഗ്ദ്ധ്യത്തോടെ എസ്. കെ. പൊറ്റെക്കാട് എഴുതിയതും (വിഷകന്യക) ഉൽക്കടമായ മാനസികക്ഷോഭത്തോടെ സാറാ ജോസഫ് എഴുതിയതും (നന്മതിന്മകളുടെ വൃക്ഷം) താരതമ്യപ്പെടുത്തിനോക്കുന്നതു പ്രയോജനപ്രദമാണ്. ഇങ്ങനെയെല്ലാം നോക്കുമ്പോൾ, മതദർശനത്തിൻെറയോ സാംസ്കാരിക പൈതൃകത്തിൻെറയോ പേരിൽ ഏതെങ്കിലും സമുദായത്തിൽപ്പെട്ടവർ ഒറ്റതിരിഞ്ഞു സാഹിത്യസംഘങ്ങൾ ഉണ്ടാക്കുന്നത് അപ്രസക്തമാണെന്നു വരുന്നു. സവിശേഷ വിഷയങ്ങളെക്കുറിച്ച് അതിൽ താൽപര്യമുള്ളവരെല്ലാം മതഭേദങ്ങൾക്കതീതമായി ഒത്തുചേരുക എന്നതാണു യുക്തിസഹവും പ്രയോജനപ്രദവും. അത്തരം ഒത്തുചേരലുകൾ ഇന്നു സുലഭമാണുതാനും.

## കമ്യൂണിസ്റ്റ്ശ്രമം

മതത്തിൻെറ പേരിൽ സാഹിത്യത്തിൽ പ്രസ്ഥാനങ്ങൾ ഉടലെടുക്കുന്നതിന് ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ സാഹിത്യസാംസ്കാരികവിഭാഗങ്ങൾ കാരണമായിട്ടുണ്ട്. പുരോഗമനസാഹിത്യപ്രസ്ഥാനത്തിൻെറ കാലംമുതൽ സാഹിത്യത്തെ രാഷ്ട്രീയക്കാരൻെറ വളർത്തുപട്ടിയാക്കാൻ കേരളത്തിൽ ശ്രമം തുടങ്ങി. വിപ്ലവാനന്തര റഷ്യയിലും മറ്റെല്ലാ കമ്യൂണിസ്റ്റ് രാജ്യങ്ങളിലും സാഹിത്യം രാഷ്ട്രീയത്തിൻെറ വെപ്പാട്ടിയായിരുന്നല്ലോ.

മാർക്സ്, ഏംഗൽസ്, ലെനിൻ എന്നിങ്ങനെ ചുരുക്കംചില കമ്യൂണിസ്റ്റുകാരൊഴികെ മറ്റെല്ലാ പ്രമാണികളും സാഹിത്യത്തെ വെറും ഉപകരണമാക്കി അധഃപതിപ്പിച്ചു. സാഹിത്യതത്ത്വങ്ങളോടു യാതൊരു ബഹുമാനവുമില്ലാതെ മാർക്സിയൻ സിദ്ധാന്തങ്ങൾ കൃതികളുടെമേൽ പ്രയോഗിക്കുന്നതിൽ നിഷ്ണാതരായ എത്രയോ എഴുത്തുകാർ നമ്മുടെ ഭാഷയിലുണ്ടായി. സാഹിത്യബാഹ്യമായ മാനദണ്ഡങ്ങൾവച്ച്, അത്തരം എഴുത്തുകാരെയും അവരുടെ വരട്ടുരചനകളെയും ഉയർത്തിക്കാട്ടാൻ എത്രയോ വൈതാളികൾ രംഗത്തുവന്നു. അല്ലെങ്കിൽ, ഇതെല്ലാം എന്തിനു പഴയ കാര്യങ്ങളായി അവതരിപ്പിക്കണം.

ഇന്നും ഈ നാടകം, എഴുത്തുകാരൻെറ രാഷ്ട്രീയപക്ഷപാതം അടിസ്ഥാനമാക്കി മാത്രം അയാളെ വിലയിരുത്തുന്ന കാടൻസമ്പ്രദായം നമ്മുടെ നാട്ടിൽ നിലനിൽക്കുന്നുവല്ലോ! മാർക്സിയൻ പ്രചോദനത്തിലുണ്ടാവുന്ന രചനകളിൽ സ്വാഭാവികമായും മതവിശ്വാസികൾക്ക് അരോചകമായി പലതും ഉണ്ടാവാം. ഇത് അവരെ ചൊടിപ്പിച്ചു. അതേ നാണയത്തിൽത്തന്നെ പ്രതികരിക്കാൻ അവരും ശ്രമിച്ചു. വിഭിന്ന മതവിശ്വാസക്കാർ അവരവരുടെ ലേബലുകളിൽ സാഹിത്യസംഘങ്ങൾ പടുത്തുയർത്താൻ മുന്നിട്ടിറങ്ങി. ഈശ്വരനിഷേധംകൊണ്ടും മതപുച്ഛംകൊണ്ടും ഒരു കൃതി ഉത്കൃഷ്ടമാകും എന്നു വന്നാൽ ഈശ്വരോന്മുഖതകൊണ്ടും മതഭക്തികൊണ്ടും മറ്റൊരു കൃതി അത്യുത്കൃഷ്ടമാകാം എന്ന ചിന്താഗതിയാണ് ഇവിടെ ഉള്ളത്.

സാഹിത്യം, സന്ദേശമല്ല, സവിശേഷമായ ജീവിതദർശനമാണ് എന്ന് ഇക്കൂട്ടരെ പറഞ്ഞു ബോധ്യപ്പെടുത്താൻ നിർവാഹമില്ല. വാച്യമായിപ്പറയുന്നതല്ല, വ്യംഗ്യമായി ധ്വനിപ്പിക്കുന്നതാണു സാഹിത്യത്തിൻെറ മാർഗം എന്നും ഇവരറിയുന്നില്ല. സാഹിത്യരചനയെ സാഹിതീയമായി ഉൾക്കൊള്ളാതെ സന്മാർഗപാഠാവലിയായോ സാമൂഹികപരിഷ്കരണത്തിനുള്ള മാർഗരേഖയായോ സ്വീകരിക്കുന്നവർക്കു സാഹിതീയത (lit-crariness) അപ്രസക്തമായ ഘടകമാണ്. ഇക്കൂട്ടരാണു സാഹിത്യത്തിൽ വിഭാഗീയതകൾ സൃഷ്ടിക്കുന്നത്. അവർക്കു കലയും സാഹിത്യവുമെല്ലാം മറ്റെന്തിനോ ഉള്ള ഉപകരണങ്ങൾ മാത്രമാണ്.

> **മതത്തിൻെറ പേരിൽ സാഹിത്യപ്രസ്ഥാനങ്ങൾ ഉടലെടുക്കുന്നതിന് ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ സാഹിത്യ - സാംസ്കാരിക വിഭാഗങ്ങൾ കാരണമായി. പുരോഗമന സാഹിത്യപ്രസ്ഥാനത്തിൻെറ കാലംമുതൽ സാഹിത്യത്തെ രാഷ്ട്രീയക്കാരൻെറ വളർത്തുപട്ടിയാക്കാൻ ശ്രമം തുടങ്ങി. കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ സ്ഥിതിയും ഇതായിരുന്നുവല്ലോ.**

## വിശദീകരണം

മതവിശ്വാസികൾ സാഹിത്യമടക്കമുള്ള ജീവിതവ്യാപാരങ്ങളിലേക്കു മതാത്മകമായ ആവേശത്തോടെ കടന്നുകയറിവരുന്നതിനു മാക്സ് വെബ്ബർ നൽകിയ വിശദീകരണം ശ്രദ്ധേയമായിരിക്കുന്നു. മാർട്ടിൻ ലൂതറുടെ നേതൃത്വത്തിലുണ്ടായ മതനവോത്ഥാനം, ജീവിതായോധനത്തിൻെറ ഭാഗമായി ഏറ്റെടുക്കേണ്ടിവരുന്ന എല്ലാ ജോലികളെയും ദൈവവിളികളായി ചിത്രീകരിച്ചു. ധനാർജ്ജനമടക്കമുള്ള എല്ലാ പ്രവൃത്തികളും അങ്ങനെ മതാത്മകമായിത്തീർന്നു.

ജീവിതത്തിൻെറ അടിയടരുകളെ ബാധിക്കുന്ന സാഹിത്യവും ദൈവവിളിയും പ്രേഷിതപ്രവൃത്തിയായി മാറി. മിഷനറിമാർ തങ്ങൾ ചെന്നെത്തിയ നാടുകളിലെല്ലാം സാഹിത്യവ്യാപാരങ്ങളിലും മറ്റു ഭാഷാപരിപോഷണയത്നങ്ങളിലും ഏർപ്പെട്ടപ്പോൾ അത് അവരുടെ ദൈവവിളിയായി പരിഗണിക്കപ്പെട്ടു. ഹന്നാ മുല്ലൻസ് മദാമ്മ ഫുൽമോനിയുടെ കഥയും കോളിൻസ് മദാമ്മ ഘാതകവധവും നോവൽരൂപത്തിൽ എഴുതിയത് ആ പ്രവൃത്തി ദൈവവിളിയായി പരിഗണിച്ചിട്ടാണ്.

മതമൗലികവാദം എന്നു ചിലർ മുദ്രകുത്തിയേക്കാമെങ്കിലും ഈ വിശ്വാസം ചിലരെയെങ്കിലും ഇന്നും മതലേബലുകളുള്ള സാഹിത്യസംഘങ്ങളിൽ ഉറപ്പിച്ചുനിർത്തുന്നുണ്ടാവാം. സാഹിത്യത്തെ സാഹിത്യമായി കാണാനല്ല മതാനുഷ്ഠാനമായി ദർശിക്കാനാണ് അവർക്കു താൽപര്യം. ഇടതുപക്ഷ സാഹിത്യകാരന്മാരിൽ ചിലരും ഇതേ നിലപാടാണ് അവലംബിക്കുക. അവർക്കു സാഹിത്യം വർഗസമരം ത്വരിതപ്പെടുത്താനുള്ള ഉപകരണമാണ്. അഗാധമായ ജീവിതാനുഭൂതികളും നവ്യജീവിതദർശനവുമല്ല അവർ സാഹിത്യത്തിൽ അന്വേഷിക്കുന്നത്. മാർക്സിയൻ സിദ്ധാന്തങ്ങളുടെ തുരുമ്പു തേടി അവർ സാഹിത്യകൃതികളിൽ മുങ്ങുന്നു.

## ദൗർബല്യം

അസ്തിത്വത്തെ ആകമാനം ഉൾക്കൊള്ളുന്ന സമഗ്രദർശനമാണു തങ്ങളുടേത് എന്ന് ഇവരെല്ലാം കരുതുന്നു; ഇതുതന്നെ ഇവരുടെ മുഖ്യദൗർബല്യം. മൗലികസത്യസ്പർശംകൊണ്ടു വിജൃംഭിതമായ വചനമാണു സാഹിത്യം എന്ന് അവർ കരുതുന്നില്ല. തന്മൂലം മന്ത്രംപോലെ സാഹിത്യം ഉൾക്കൊള്ളാൻ അവർ വിസമ്മതിക്കുന്നു. വിവിധ പ്രത്യയശാസ്ത്രങ്ങളുടെയും മതസംഹിതകളുടെയും കൊടിവച്ച കൂടാരങ്ങളിലിരുന്നു സാഹിത്യരചനയിലും സാഹിത്യാസ്വാദനത്തിലും ഏർപ്പെടുന്നവർ നേരിടുന്ന ഭാവുകത്വപരമായ പ്രതിസന്ധിയാണിത്; പ്രാചീനരുടെ ഭാഷയിൽ ഒരുതരം രസവിഘ്നം. സാഹിത്യസൃഷ്ടിയുടെ സൗന്ദര്യമൂല്യമോ രചനാവൈശിഷ്ട്യമോ നിർണയിക്കേണ്ടത് അത് എഴുത്തുകരൻെറ ദർശനത്തോടും പ്രചോദനത്തോടും പുലർത്തുന്ന വിശ്വസ്തതയുടെ അടിസ്ഥാനത്തിലായിരിക്കണം എന്നു നിർദ്ദേശിച്ച ശ്രീ അരവിന്ദൻ ഇക്കൂട്ടർക്കു വഴികാട്ടിയായിത്തീരട്ടെ.

അപ്പോൾ എഴുത്തുകാരൻെറ ജാതിയും മതവും പാർട്ടിയും മാത്രമല്ല, പ്രത്യയശാസ്ത്രങ്ങളും തത്ത്വസംഹിതകളും സാഹിത്യാസ്വാദനത്തിൽ അപ്രസക്തമായിത്തീരും. മാനദണ്ഡമായി വർത്തിക്കുക സാഹിതീയത മാത്രമായിരിക്കും.

◆